# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2018

### ജി. എച്ച്. എസ്. എസ്. അഞ്ചൽ വെസ്റ്റ്

## പൊതുവിദ്യാഭ്യാസ
## സംരക്ഷണ യജ്ഞം

## മികവിലേക്ക് ഒരു ചുവട്

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2018

## ഉള്ളടക്കം


| നമ്പർ | തലക്കെട്ട് | പേജ് |
| --- | --- | --- |
| 1. | ആമുഖം | 01 |
| 2. | അക്കാദമിക പരിമിതികൾ | 01- 04 |
| 3. | അടിസ്ഥാന വിവരങ്ങൾ | 05 - 09 |
| 4. | വിദ്യാലയ വികസന കാഴ്ചപ്പാട് | 10 - 16 |
| 5. | പൊതുലക്ഷ്യങ്ങൾ | 17 - 20 |
| 6. | സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും (യു.പി) | 21- 46 |
| 7. | മലയാളം (യു.പി) | 21- 23 |
| 8. | ഇംഗ്ലീഷ് (യു.പി) | 24 - 28 |
| 9. | ഹിന്ദി (യു.പി) | 29 - 32 |
| 10. | ഗണിതം (യു.പി) | 33 - 38 |
| 11. | അടിസ്ഥാന ശാസ്ത്രം (യു.പി) | 39 - 42 |
| 12. | സാമൂഹ്യശാസ്ത്രം (യു.പി) | 43- 46 |
| 13. | സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും (എച്ച്.എസ്) | 47 - 80 |
| 14. | മലയാളം (എച്ച്. എസ്) | 47 - 51 |
| 15. | ഇംഗ്ലീഷ് (എച്ച്. എസ്) | 52 - 55 |
| 16. | ഹിന്ദി (എച്ച്. എസ്) | 56 - 60 |
| 17. | ഗണിതം (എച്ച്. എസ്) | 61- 66 |
| 18. | ശാസ്ത്രം (എച്ച്. എസ്) | 67 - 74 |
| 19. | സാമൂഹ്യശാസ്ത്രം (എച്ച്. എസ്) | 75 - 80 |
| 20. | ലൈബ്രറി നവീകരണം | 81- 84 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്**

**ആമുഖം**

പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ എല്ലാ പരിമിതികളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക, അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പഠനോപകരണങ്ങൾ സ്കൂളുകളിലെത്തിക്കുക, ഉന്നത നിലവാരത്തിൽ അധ്യയനം ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ അധ്യാപകപരിശീലനം നടപ്പിൽ വരുത്തുക, തനതായ ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക, കുട്ടികളുടെ കായിക, മാനസിക, സാമൂഹ്യ നിലവാരം ശക്തിപ്പെടുത്തുക, പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നീ മുഖ്യ ലക്ഷ്യങ്ങളാണ് ഈ യജ്ഞത്തിനുള്ളത്.

ധാരാളം പ്രതിഭാസമ്പന്നരെ സമൂഹത്തിന് സംഭാവന ചെയ്തുകൊണ്ട് നാടിന്റെ വികസനത്തിന് വെളിച്ചം നൽകികൊണ്ടിരിക്കുന്ന അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കന്ററി സ്കൂൾ ഇന്ന് സുവർണ ജൂബിലി നിറവിലാണ്. സ്കൂളിലെ അക്കാഡമിക മികവും പാഠ്യേതര പ്രവർത്തനങ്ങളുടെ വ്യത്യസ്തതയും കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വയ്ക്കുന്നു.

കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠനം നടത്തുന്ന സർക്കാർ വിദ്യാലയം എന്ന പദവിയിലേക്ക് ഉയരാൻ സ്കൂളിനെ സഹായിച്ചത് രക്ഷിതാക്കളും പൊതുസമൂഹവും അർപ്പിച്ച വിശ്വാസ്യതയാണ്. അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിലാണ് സ്കൂൾ. 200 അധ്യയന ദിനങ്ങളും 1000 മണിക്കൂർ പഠനസമയവും ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. ജില്ലയിലെ സമര രഹിത സ്കൂൾ എന്ന ഖ്യാതി നേടാൻ കഴിഞ്ഞിട്ടുണ്ട്. അക്കാദമിക സമയം അല്പം പോലും നഷ്ടപ്പെടുത്താതെ അധിക സമയം അധ്യാപകരും കുട്ടികളും പ്രവർത്തിച്ചുകൊണ്ട് കുട്ടികളിൽ സർഗ്ഗശേഷിയും പഠന മികവും വളർത്താൻ ശ്രമിക്കുന്നു. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കായി ശ്രദ്ധ, നവപ്രഭ, റെമഡിയൽ ടീച്ചിംഗ് എന്നീ പ്രവർത്തനങ്ങളിലൂടെ തുല്യത ഉറപ്പു വരുത്താൻ ശ്രമം നടത്തുന്നു.

# അക്കാദമിക പരിമിതികൾ

1. വിദ്യാഭ്യാസരംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത ഗുണത എന്നിവ ഉറപ്പു വരുത്തേണ്ട തുണ്ട്.
2. കുട്ടിയുടെ സർവ്വതോമുഖമായ വികാസത്തിനുതകുന്ന പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ സാധ്യതകൾ (ഐസിറ്റി, പഠനവിഭവ സിഡി, അക്കാദമിക പോർട്ടൽ, ഇന്ററാക്ടീവ് ക്ലാസ്സ് റൂം, നവമാധ്യമ സാധ്യത) പ്രയോജനപ്പെടുത്തുന്നതിന് കഴിയേണ്ട തുണ്ട്.
3. പഠനമികവുള്ള കുട്ടികൾക്കായി അവരുടെ സർഗ്ഗശേഷിയുടെ വളർച്ചയ്ക്കാവശ്യമായ അധിക പഠനാനുഭവങ്ങൾ ഒരുക്കികൊടുക്കേണ്ടതുണ്ട്.
4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം, സാമൂഹ്യ സാഹചര്യം എന്നിവ മനസ്സിലാക്കി പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് കഴിയുന്നില്ല.
5. ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.
6. സംഗീതം, നൃത്തം, അഭിനയം, ചിത്രരചന, ശില്പനിർമ്മാണം തുടങ്ങിയ സർഗ്ഗാത്മക കഴിവുകൾ വളർത്തിയെടുക്കുന്നതിന് സ്കൂളിനോടനുബന്ധിച്ച് ഒരു കലാകേന്ദ്രം ഉണ്ടാകേണ്ടതുണ്ട്.
7. കുട്ടികളുടെ ആരോഗ്യ-കായിക വളർച്ച ലക്ഷ്യം വച്ചുകൊണ്ട് വിവിധ പരിശീലനങ്ങൾ (യോഗ, കളരി, നീന്തൽ, തായ്ക്കൊണ്ട്, എയറോബിക്സ്...) നൽകുന്നതിന് സ്ഥലപരിമിതി തടസ്സം നിൽക്കുന്നു.
8. സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ഗ്രാമീണ ഗ്രന്ഥശാലകൾ ഇവയെ ഉപയോഗിച്ചുകൊണ്ട് വായനയുടെ പുതുലോകത്തേക്ക് കുട്ടികളെ നയിക്കേണ്ടതുണ്ട്.
9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ലക്ഷ്യത്തോടെ വിവിധ ആശയങ്ങളും വസ്തുതകളും ചിത്രീകരിച്ചുകൊണ്ട് ക്ലാസ്സ് മുറികളും സ്കൂൾ പരിസരവും ആകർഷകമാക്കാൻ കഴിയണം.
10. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ലക്ഷ്യത്തോടെ സ്കൂളിന് സമീപം ജൈവ വൈവിധ്യ പാർക്ക് നിർമ്മിച്ചുകൊണ്ട് കുട്ടികളിൽ പാരിസ്ഥിതികാവബോധം ഉണ്ടാക്കാൻ സ്ഥലപരിമിതി തടസ്സം സൃഷ്ടിക്കുന്നു.
11. സി.പി.ടി.എ, എം.പി.ടി.എ, പി.ടി.എ, എസ്.എസ്.ജി. എസ്.എം.സി പൂർവ്വവിദ്യാർത്ഥി-പൂർവ്വാധ്യാപക സംഘടനകൾ എന്നീ കൂട്ടായ്മകളെ ശക്തിപ്പെടുത്തികൊണ്ട് പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്.
12. ജനാധിപത്യ ബോധം, വിമർശനാത്മകചിന്ത, സംവാദാത്മക പഠനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുന്നില്ല.
13. ജീവിതനൈപുണിയും, തൊഴിൽ പരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നു.
14. പാഠ്യേതര പ്രവർത്തനങ്ങൾക്കും, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന സ്കൂൾ കൂട്ടായ്മകൾ (വിവിധ ക്ലബ്ബുകൾ, എസ്.പി.സി, സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി, സൗഹൃദ ക്ലബ്, എൻ.എസ്.എസ്, കരിയർ ഗൈഡൻസ്..) ശക്തിപ്പെടുത്തേണ്ടതുണ്ട്.
15. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ട്.
16. സ്കൂൾ അസംബ്ലി ചിട്ടപ്പെടുത്തി കുട്ടികളിൽ അച്ചടക്ക ശീലവും മൂല്യബോധവും വളർത്തിയെടുക്കേണ്ടതുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

**ചരിത്രം**

1865 - 85 തിരുവിതാംകൂറിൽ ശ്രീ ആയില്യം തിരുനാളിന്റെ ഭരണകാലം. 1870 ൽ അഞ്ചൽ പനയംചേരി നിവാസിയായ ശ്രീ ഹരിഹര അയ്യർ കൊട്ടാരം സർവ്വാധികാരിയായി. അന്ന് അഞ്ചൽ പ്രദേശത്ത് കുടിപ്പള്ളിക്കൂടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നാട്ടുപ്രമാണിമാരെ വിളിച്ചുകൂട്ടി അഞ്ചലിൽ ഒരു സ്കൂൾ സ്ഥാപിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1878 - ൽ കൊട്ടാരക്കരക്കാരൻ ശ്രീ കോരുത് ഒന്നാം വാദ്ധ്യാരായി അഞ്ചൽ പുളിമൂട്ടിൽ (ഇപ്പോഴത്തെ എൽ.പി.എസ്. കെട്ടിടം) ഒരു പുല്ലുമേഞ്ഞ കെട്ടിടത്തിൽ പള്ളിക്കൂടം പ്രവർത്തനമാരംഭിച്ചു.

നിമിഷകവി അഞ്ചൽ ആർ. വേലുപ്പിള്ള പരമേശ്വര അയ്യർ (എച്ച്.ആർ. വാറൻ) സഹോദരനും തിരുവനന്തപുരം ഗവ.ആർട്സ് കോളേജ് പ്രിൻസിപ്പലായിരുന്ന സുബ്രഹ്മണ്യ അയ്യർ തുടങ്ങിയവർ ഈ സ്കൂളിലെ ആദ്യകാല വിദ്യാർത്ഥികളാണ്.

1954 ൽ ഗവ. പ്രൈമറി സ്കൂൾ ഗവ. മിഡിൽ സ്കൂളായി ഉയർത്തി. 1965 ൽ ഗവ. ഹൈസ്കൂളായി ഉയർത്തി, അഞ്ചൽ വെസ്റ്റ് ഗവ. ഹൈസ്കൂൾ എന്ന് നാമകരണം ചെയ്തു.

1967 ൽ സ്ഥലപരിമിതിമൂലം മഠ്ഠാംകുന്നിൽ ഒരുവീട്ടിലേക്ക് മാറ്റി. 1970 ൽ ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലം അക്വയർ ചെയ്യുകയും രണ്ട് ഷെഡുകൾ പണിത് എൽ പി വിഭാഗം ഇവിടേക്ക് മാറ്റുകയും ചെയ്തു. ഹൈസ്കൂൾ വിഭാഗം സെഷണലായി പ്രവർത്തക്കുകയും ചെയ്തു.1988 ൽ മൂന്ന് നിലകളുള്ള രണ്ട് കെട്ടിടങ്ങൾ പണി പൂർത്തിയാക്കി ഹെസ്കൂൾ വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റി. എൽ പി വിഭാഗം പ്രത്യേകമായി പഴയ കെട്ടിടത്തിലേക്ക് മാറ്റി. 2000 ൽ ഈ സ്കൂളിൽ ഹയർസെക്കന്ററി ആരംഭിച്ചു.

ആരംഭിച്ച കാലത്ത് അടിസ്ഥാന ഗണിതം, അടിസ്ഥാനശാസ്ത്രം എന്നിവ മാത്രമായിരുന്നു വിദ്യാഭ്യാസ പരമായ ലക്ഷ്യങ്ങൾ. പിൽക്കാലത്ത് കുട്ടികളുടെ പുരോഗതിയുമായി ബന്ധപ്പെട്ട് സമസ്തമേഖലകളിലും നേട്ടം കൈവരിക്കുന്ന ഒരു സ്ഥാപമായി മാറി. സമൂഹത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവരുൾപ്പെടെ അനേകായിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകിയ ഈ സരസ്വതീക്ഷേത്രം ഇന്നും അഞ്ചൽ പട്ടണത്തിലെ മികച്ച വിദ്യാലയമായി തുടരുന്നു.

ആദ്യകാലത്ത് സാമൂഹികമായും സാമ്പത്തികമായും മുൻപന്തിയിൽ നിൽക്കുന്നവർക്ക് മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഇന്ന് പാർശ്വവൽക്കരിക്കപ്പെട്ടവരുൾപ്പെടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിക്കാതെ എല്ലാവർക്കും തുല്യ അവസരം ലഭിക്കുന്ന പഠന പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിലായി മൂവായിരത്തോളം കുട്ടികൾ അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്നു.

അടുത്ത കാലത്തായി വിദ്യാലയം ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പല നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്.ഹൈടെക് മൾട്ടി മീഡിയ ലാബുകൾ, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ലൈബ്രറി, ടോയ്‌ലറ്റ് കോപ്ലക്സുകൾ, ഗേൾസ് ഫ്രെണ്ട്‌ലി ടോയ്‌ലറ്റുകൾ എന്നിവ സ്കൂളിലെ മികച്ച ഭൗതിക സൗകര്യങ്ങൾക്ക് തെളിവാണ്. സ്കൂളിന്റെ ഭൗതിക സൗകര്യം ഒരുക്കുന്നതിൽ അധ്യാപക- രക്ഷാകർതൃസമിതിയും, ജനപ്രതിനിധികളും, അഭ്യുദയകാംഷികളും, സാംസ്കാരിക സംഘടനകളും സജീവമായി ഇടപെടുന്നു. പഠന പുരോഗതി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി എന്നീ കൂട്ടായ്മകൾ ശ്രദ്ധപുലർത്തുന്നു.

അമ്പലംകുന്ന് മുതൽ കുളത്തൂപ്പുഴ വരെയും വാളകം മുതൽ ചടയമംഗലം വരേയും ഉള്ള കുട്ടികൾ മികച്ച പഠന സൗകര്യം നോക്കി അഞ്ചൽ വെസ്റ്റ് ഹയർസെക്കന്ററി സ്കൂളിലെത്തുന്നത് സ്കൂളിലെ നിസ്വാർത്ഥരായ അധ്യാപകരുടേയും പ്രവർത്തനങ്ങൾക്കുള്ള സാക്ഷ്യപത്രമാണ്.

## ഗവ. ഹയർ സെക്കന്ററി സ്കൂൾ അഞ്ചൽ വെസ്റ്റ്

| | |
|---|---|
| 1. ഗ്രാമപഞ്ചായത്ത് | അഞ്ചൽ |
| 2. വാർഡ് | 14 (അഞ്ചൽ മാർക്കറ്റ്) |
| 3. ബി.ആർ.സി | അഞ്ചൽ |
| 4. ബ്ലോക്ക് | അഞ്ചൽ |
| 5. ഉപജില്ല | അഞ്ചൽ |
| 6. വിദ്യാഭ്യാസ ജില്ല | പുനലൂർ |
| 7. ജില്ല | കൊല്ലം |
| 8. ഫോൺ നമ്പർ | 0475 2273665 |
| 9. ഇമെയിൽ | ghssanchalwast.@gmail.com |
| 10. ബ്ലോഗ് | |
| 11. പ്രിൻസിപ്പൽ | എ.നൗഷാദ് |
| 12. ഹെഡ്മിസ്ട്രസ് | ബി. ഷൈലജ |
| 13. ഫോൺ | 9496412324, 9995594068 |

**അധ്യാപകരുടെ എണ്ണം**

| | | |
|---|---|---|
| 1. | പ്രിൻസിപ്പൽ | 1 |
| 2. | ഹെഡ്മിസ്ട്രസ് | 1 |
| 3. | എച്ച്.എസ്.എസ്.ടി | 17 |
| 4. | എച്ച്.എസ്.എ | 36 |
| 5. | എച്ച്.എസ്.എ (അറബിക്) | 1 |
| 6. | പി.ഡി.ടീച്ചർ | 25 |
| 7. | പി.ഇ.ടി | 3 |
| 8. | മ്യൂസിക് | 2 |
| 9. | ഡ്രോയിംഗ് | 1 |
| 10. | തുന്നൽ | 1 |
| 11. | ഡിപ്ലോയ്മെന്റ് | 1 |
| 12. | സ്റ്റുഡന്റ് കൗൺസിലർ | 1 |

# 2017 – 18 ലെ കുട്ടികളുടെ എണ്ണം

| | All | | | | SC | | | ST | | | Muslim | | | Other Minority | | | OBC | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Std | Div | Boy | Girl | Total | Boy | Girl | Total | Boy | Girl | Total | Boy | Girl | Total | Boy | Girl | Total | Boy | Girl | Total |
| 5 | 6 | 110 | 136 | 246 | 15 | 13 | 28 | 0 | 0 | 0 | 33 | 44 | 77 | 2 | 15 | 17 | 70 | 66 | 136 |
| 6 | 8 | 161 | 137 | 298 | 21 | 17 | 38 | 0 | 0 | 0 | 46 | 44 | 90 | 10 | 9 | 19 | 95 | 84 | 179 |
| 7 | 9 | 205 | 182 | 387 | 16 | 14 | 30 | 0 | 0 | 0 | 56 | 54 | 110 | 21 | 15 | 36 | 116 | 116 | 232 |
| 8 | 10 | 277 | 244 | 521 | 20 | 22 | 42 | 0 | 0 | 0 | 92 | 65 | 157 | 28 | 25 | 53 | 168 | 143 | 311 |
| 9 | 10 | 292 | 249 | 541 | 29 | 21 | 50 | 0 | 0 | 0 | 70 | 63 | 133 | 32 | 22 | 54 | 144 | 141 | 285 |
| 10 | 10 | 287 | 276 | 563 | 26 | 12 | 38 | 0 | 0 | 0 | 85 | 71 | 156 | 31 | 41 | 72 | 169 | 155 | 324 |

Total - 2556 HSS - 360 Grand Total - 2916

ഭാഗം – 1

# വിദ്യാലയ വികസന കാഴ്ചപ്പാട്

'അക്കാഡമിക മികവിലൂടെ വിദ്യാലയ മികവ് 'എന്ന ലക്ഷ്യത്തിലൂന്നി അഞ്ചൽ വെസ്റ്റ് ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ നിലവിലുള്ള അക്കാഡമിക പരിമിതികളെ കണ്ടെത്തുകയും അത് പരിഹരിക്കാനുതകുന്ന ഒരു അക്കാഡമിക വികസന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്യുന്നു. ശിശുസൗഹൃദവും പ്രവർത്തനാധിഷ്ഠിതവും പഠനാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ ഒരു പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവന ചെയ്യുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഈ മാർഗ്ഗരേഖ ലക്ഷ്യം വയ്ക്കുന്നു.ഉയർന്ന നിലവാരമുള്ളവർ, ശരാശരി നിലവാരമുള്ളവർ, താഴ്ന്ന നിലവാരമുള്ളവർ എന്നീ മൂന്ന് തലത്തിലുമുള്ള കുട്ടികളെ അടിസ്ഥാനമാക്കി പ്രത്യേകം പദ്ധതികൾ ഈ പദ്ധതിയിലൂടെ അവതരിപ്പിക്കുന്നു.

അക്കാഡമിക പിന്തുണാ സംവിധാനങ്ങളുടെ (എസ്.എസ്.ജി.ആർ.സി, ഡയറ്റ്, എസ്.സി.ഇ. ആർ.ടി) സഹായത്തോടെ പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതാണ്. വാർഷിക കലണ്ടർ, മാസക്കലണ്ടർ എന്നിവ തയ്യാറാക്കി സ്കൂളിലെ എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ പദ്ധതിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. സിവിപിഎ, എം പി ടി എ, പി.ടി.എ, എസ്.എം.സി, എസ്.എസ്..ജി, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയ കൂട്ടായ്മകളെ ശക്തിപ്പെടുത്തികൊണ്ട് ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ മേഖലകളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തും.

**കാർഷികം**

മറഞ്ഞുകൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ തിരികെയെത്തിക്കാൻ 'പാഠത്തിൽ നിന്ന് പാടത്തേക്ക്' എന്ന പ്രവർത്തനത്തിലൂടെ വിഭാവന ചെയ്യുന്നു. ഇപ്പോൾ സ്കൂളിന്റെ സ്ഥലപരിമിതിമൂലം സ്കൂളിന് സമീപം ഒരേക്കർ സ്ഥലം എടുത്ത് കൃഷി ചെയ്യുന്നുണ്ട്. ഈ തോട്ടത്തിലെ കാർഷിക പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തിക്കൊണ്ട്, കൂടുതൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് സ്കൂളിലെ ഉച്ചഭക്ഷണ വിഭവങ്ങൾക്ക് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുന്നതാണ്. കൃഷിയറിവിന്റെ പുതിയ പാഠങ്ങൾ കുട്ടികളിലെത്തിക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ കഴിയും.

**പാരിസ്ഥിതികം**

മാലിന്യമുക്തകേരളം, പരിസ്ഥിതി സൗഹൃദ വികസനം എന്ന ലക്ഷ്യത്തോടെ മാതൃഭൂമി സീഡ് പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു. മണ്ണ്, ജലം, വായു, ജൈവ വൈവിധ്യം ഇവയുടെ സംരക്ഷണത്തിലൂന്നിയുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തിയെടുക്കണം. പരിസ്ഥിതിപഠനക്യാമ്പ്, പഠനയാത്ര, സെമിനാർ, കലാരൂപങ്ങൾ ഇവയിലൂടെ കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതാണ്.

**നല്ലവായന, നല്ലപഠനം, നല്ല ജീവിതം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ പുതിയൊരു വായന സംസ്കാരം കുട്ടികളിലെത്തിക്കാൻ പദ്ധതിയുണ്ട്. സ്കൂൾ ലൈബ്രറി നവീകരണം, ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, ഗ്രാമീണഗ്രന്ഥശാലകളിൽ അംഗത്വമെടുക്കൽ എന്നീ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തുന്നതാണ്. പുസ്തക വായന, പുസ്തകാസ്വാദനം, സർഗ്ഗസൃഷ്ടികൾ എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുന്നതിനായി വായനോത്സവം, കാവ്യാസ്വാദനക്ലാസ്സ്, കഥയരങ്ങ്, കവിതാവേദി, ഏകദിനവായന ക്യാമ്പ് എന്നിവ നടത്തുന്നതാണ്.

**മോഡൽ പാർലമെന്റ്**

ജനാധിപത്യബോധവും വിമർശനാത്മക ചിന്തയും കുട്ടികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ മോഡൽ പാർലമെന്റിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആരംഭിച്ച് വർഷാവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ ഒരു പ്രവർത്തന പദ്ധതിയാണ് മോഡൽ പാർലമെന്റ്. നേതൃത്വഗുണം, പ്രശ്നപരിഹരണശേഷി, ആത്മവിശ്വാസം എന്നിവ വളർത്തിയെടുക്കുന്നതിലൂടെ സംവാദാത്മക പഠനത്തിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു.

**ജീവിത നൈപുണിയും തൊഴിൽ നൈപുണിയും**

പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്നതിനായി 'ഏൺ & ലേൺ പദ്ധതി' നടപ്പിലാക്കുന്നതാണ്. ആർ.എം.എസ്.എ, അസാപ് എന്നിവയുടെ സഹായത്തോടെ പഠനത്തോടൊപ്പം തൊഴിൽ പരിശീലനം കൂടി നൽകുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുന്നു. പ്രാദേശിക സാങ്കേതിക സ്ഥാപനങ്ങൾ  പ്രാദേശിക തൊഴിൽ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ 'സ്കൂൾ പ്രൊഡക്ഷൻ സെന്റർ'

സ്ഥാപിച്ച് ഉൽപ്പനങ്ങൾ നിർമ്മിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ രക്ഷിതാക്കളുടേയും അധ്യാപകരുടേയും സഹായത്തോടെ വിപണനകേന്ദ്രത്തിലൂടെ വിറ്റഴിക്കുന്നതാണ്.

**ഐ.സി.ടി അധിഷ്ഠിത പഠനം**

അടുത്ത രണ്ട് വർഷം കൊണ്ട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് പരിശീലനം നൽകുന്നതാണ്. സ്കൂൾ ബ്ലോഗ്, സമഗ്ര പോർട്ടർ, മറ്റ് വിദ്യാഭ്യാസ ബ്ലോഗുകൾ, വിദ്യാഭ്യാസ ആപ്പുകൾ, നവ മാധ്യമസാധ്യത ഇവ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം കൂടുതൽ ആസ്വാദ്യകരവും അനായാസവുമാക്കാൻ കഴിയും.

**വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തൽ**

പഠനത്തിന്റെ ഗുണത, തുല്യത ഇവ ഉറപ്പുവരുത്തണമെങ്കിൽ വിദ്യാലയത്തിലെ വിവിധ കൂട്ടായ്മകളുടെ ശക്തിപ്പെടൽ അനിവാര്യമാണ്. സി.പി.ടി.എ, എം.പി.ടി.എ, പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, പൂർവ്വ വിദ്യാർത്ഥി - പൂർവ്വാധ്യാപക സംഘടനകൾ ഇവയുടെ സജീവമായ ഇടപെടലിലൂടെ മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്ന ലക്ഷ്യത്തിലേക്ക് എത്താൻ കഴിയൂ. വിദ്യാർത്ഥി - അധ്യാപകൻ - രക്ഷിതാവ് എന്ന ത്രികോണം പൂരിതമാകണമെങ്കിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളിലെ പഠനപിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം രക്ഷിതാവിന്റെ ചുമതലയെന്താണെന്നുള്ള ബോധ്യമില്ലായ്മയാണ്. കുട്ടികയുടെ മികവും പരിമിതിയും രക്ഷിതാവ് ബോധ്യപ്പെടണം. പഠന പ്രവർത്തനങ്ങളിൽ രക്ഷിതാവിന്റെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിന് വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തിയേ മതിയാകൂ.

**അടൽ ടിങ്കറിംഗ് ലാബും ഒരു നൂറ് പരീക്ഷണങ്ങളും**

കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനും ശാസ്ത്രതാൽപര്യം ഉണ്ടാക്കുന്നതിനും പ്രവർത്തനാധിഷ്ഠിത പഠനത്തിന് മുൻതൂക്കം നൽകണം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച അടൽ ടാങ്കറിംഗ് ലാബ് സൗകര്യം ഒരുക്കികൊടുക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കന്ററി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശാസ്ത്ര ലാബ് നവീകരിച്ചുകൊണ്ട് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ജ്ഞാന നിർമ്മിതി സാധ്യമാകുന്നു. ചെലവ് കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് വലിയ ശാസ്ത്രാശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി ഒരു നൂറു പരീക്ഷണങ്ങൾ എന്ന പദ്ധതി നടപ്പിലാക്കും. ശാസ്ത്രക്ലാസ്സുകൾ, സെമിനാറുകൾ, ശില്പശാലകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് കുട്ടികളുടെ ശാസ്ത്രാഭിമുഖ്യം മെച്ചപ്പെടുത്തുന്നതാണ്.

**സ്കൂൾ കലാകേന്ദ്രം**

സംഗീതം, ചിത്രരചന, നൃത്തം, അഭിനയം എന്നീ മേഖലകളിൽ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിന് സ്കൂൾ കലാകേന്ദ്രം സ്ഥാപിക്കും. സ്കൂളിലുള്ള കലാധ്യാപകരോടൊപ്പം പുറത്തുനിന്നും കലാകാരന്മാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രത്യേക പരിശീലനം ജൂൺ മാസം മുതൽ ആരംഭിക്കും.

**പ്രതിഭാകേന്ദ്രം (ടാലന്റ് ലാബ്)**

യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷ, മീൽസ് കം മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷ, ന്യൂമാറ്റ്സ്, ടാലന്റ് സേർച്ച് എക്സാം, എൻ.ടി.എസ് എക്സാം തുടങ്ങിയ പരീക്ഷകൾക്ക് മാതൃകാ ചോദ്യപേപ്പറുകൾ നൽകിയും പ്രത്യേകം പരിശീലനം നൽകിയും കൂടുതൽ കുട്ടികളെ വിജയിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം കുട്ടികളിലെ ഏതൊരു കഴിവും കണ്ടെത്തി വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തന പദ്ധതി നടപ്പിലാക്കുന്നതാണ്.

**ശ്രദ്ധ – നവപ്രഭ – റെമഡിയർ ടീച്ചിംഗ്**

പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രിടെസ്റ്റിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് എല്ലാ ദിവസവും വൈകിട്ട് 4 മണി മുതൽ 5 മണി വരെ പ്രത്യേക പരിശീലനം നൽകുന്നു. 5,8 ക്ലാസ്സുകളിലെ കുട്ടികൾക്ക് ശ്രദ്ധയിലൂടെ മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങളിൽ യഥാക്രമം തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ വൈകിട്ട് പ്രത്യേക പരിശീലനം നൽകുന്നതാണ്. 9-ാം ക്ലാസ്സിലെ കുട്ടികൾക്കായി എല്ലാ ദിവസവും വൈകിട്ട് 4 മണി മുതൽ 5 മണി വരെ നവപ്രഭയിലൂടെ പരിശീലനം നൽകുന്നു. 10-ാം ക്ലാസ്സിലെ കുട്ടികൾക്കായി എല്ലാ ദിവസവും റെമഡിയൽ ടീച്ചിംഗ് നടക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെയിടയിൽ തുല്യത, ഗുണത ഇവ ഉറപ്പു വരുത്താൻ ശ്രമിക്കുന്നു.

**സ്കൂൾ റേഡിയോ**

എല്ലാ ക്ലാസ്സ് മുറികളിലും സ്പീക്കൽ സ്ഥാപിച്ചുകൊണ്ട് സ്കൂൾ റേഡിയോ സിസ്റ്റം നടപ്പിലാക്കും. കുട്ടികളുടെ ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും സർഗ്ഗശേഷി വികാസത്തിനും സ്കൂൾ റേഡിയോ അവസരമൊരുക്കുന്നു.

**സ്കൂൾ ചാനൽ**

ജനാധിപത്യത്തിന്റെ നാലാമത്തെ തൂണായ മീഡിയയ്ക്ക് ഇന്ന് പൊതുജീവിതത്തിൽ വളരെ വലിയ പങ്കാണുള്ളത് ദൃശ്യമാദ്ധ്യമരംഗത്തെ അനന്തസാധ്യതകൾ വിദ്യാഭ്യാസരംഗത്ത് പ്രയോജനപ്പെടുത്തുക എന്നതോടെ അഞ്ചൽ വെസ്റ്റ് സ്കൂളിൽ ആരംഭിക്കുന്ന പുതിയയപ്രവർത്തനപദ്ധതിയാണ് സ്കൂൾ ചാനൽ, സ്കൂളിലേയും പൊതുസമൂഹത്തിലേയും വാർത്താവിശേഷങ്ങൾ ചാനൽ വഴി സ്കൂളിലെ മുഴുവൻ കുട്ടികളുമായി പങ്കിടുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം കൂടാതെ വാർത്താധിഷ്ഠിത പരിപാടികൾ, പ്രതിഭകളെ പരിചയപ്പെടുത്തൽ, സർഗ്ഗശേഷിയുടെ വിവിധ സാദ്ധ്യതകൾ, അറിവു നിർമ്മാണത്തിനനുഗുണമായ നുറുങ്ങുകൾ, പാഠഭാഗം അനായാസമാക്കാൻ ഉതകുന്ന വിഭവങ്ങൾ തുടങ്ങിയവ ഉൽപ്പെടുത്തി ഇന്റർവെൽ സമയങ്ങളിൽ ചാനൽ പ്രേക്ഷേപണം നടത്തുന്നതിന് ലക്ഷ്യമിടുന്നു.

**ആരോഗ്യ – കായികശേഷി**

കുട്ടികളുടെ ആരോഗ്യ കായിക ശേഷിയുടെ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് വിവിധ പരിശീലന പരിപാടികൾ (യോഗ, കളരി, തായ്കൊണ്ട, എയ്റോബിക്സ്, നീന്തൽ സംഘടിപ്പിക്കുന്നതാണ്) കൊല്ലം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്കൂളിന് സമീപത്തുള്ള കുളം നവീകരിച്ച് നീന്തൽക്കുളം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

# ഭാഗം – 2

## എ. പൊതുലക്ഷ്യങ്ങൾ

1. ഭാഷാപരമായ ശേഷികളുടെ വികസനം.
2. ഗണിത പരമായ ശേഷികളുടെ വികസനം.
3. ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ.
4. ജനാധിപത്യബോധവും വിമർശനാത്മക ചിന്തയും വളർത്തി കുട്ടികളിൽ സാമൂഹ്യ ശാസ്ത്രവബോധം വളർത്തുക.
5. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പുവരുത്തുക. ₹ 50000
6. ആധുനിക സാങ്കേതിക വിദ്യയുടെ (ഐ.സി.ടി, പഠനവിഭവ സിഡി, അക്കാഡമിക പോർട്ടലുകൾ, ഇന്ററാക്ടീവ് ക്ലാസ്റൂം, നവമാധ്യമസാധ്യത) വിവിധ വശങ്ങൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ അനായാസവും താൽപര്യമുണർത്തുന്നതും ആക്കുക. ₹ 100000
7. നിലവാരമുള്ള കുട്ടികളെ കൂടുതൽ പരിശീലനം നൽകി ഉയർന്ന നിലവാരത്തിലെത്തിക്കുക. ₹ 100000
8. സാമ്പത്തിക - സാമൂഹ്യ പിന്നോക്കാവസ്ഥ മൂലം പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകി മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുക. ₹ 200000
9. സംഗീതം, നൃത്തം, ചിത്ര (ശില്പ)കല, അഭിനയം എന്നീ മേഖലകളിൽ മികച്ച കുട്ടികളെ കണ്ടെത്തി സർഗ്ഗശേഷി വളർത്തുന്നതിന് പ്രത്യേക കലാകേന്ദ്രം സ്ഥാപിക്കുക. ₹ 200000
10. കുട്ടികളുടെ ആരോഗ്യ- കായിക ശേഷികളുടെ വളർച്ചയ്ക്കാവശ്യമായ പരിശീലനം നൽകി (യോഗ, കളരി, തായ്കൊണ്ട, നീന്തൽ, എയ്റോബിക്സ്) മികവുറ്റതാക്കുന്നു. ₹ 200000
11. സ്കൂൾ ലൈബ്രറി നവീകരണം, ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, ഗ്രാമീണ ഗ്രന്ഥശാലകളുടെ ഉപയോഗം എന്നിവയിലൂടെ പുതിയൊരു വായന സംസ്കാരം വളർത്തിയെടുക്കുക. ₹ 200000
12. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം നടപ്പിലാക്കുന്നതിന് (ഭാഷ, ഗണിതം, സയൻസ്, സാമൂഹ്യ ശാസ്ത്രം) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളും ചിത്രങ്ങളും ഉപയോഗിച്ച് ക്ലാസ്സിന്റെ ചുമരുകളും സ്കൂൾ പരിസരവും ആകർഷകമാക്കണം. ₹ 400000
13. വിദ്യാലയത്തിന്റെ സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയത്തിലൂന്നി ജൈവ വൈവിധ്യ പാർക്ക് സ്ഥാപിക്കണം. ₹ 400000
14. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എത്തിക്കുന്നതിന് വിദ്യാലയ കൂട്ടായ്മകൾ (സിപിടിഎ, എംപിടിഎ, പിടിഎ, എസ് എം.സി, പൂർവ്വ വിദ്യാർത്ഥി - പൂർവ്വാധ്യാപക സംഘടനകൾ..) ശക്തിപ്പെടുത്തണം. ₹ 100000
15. സംവാദാത്മക പഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളിൽ ജനാധിപത്യബോധം, വിമർശനാത്മക ചിന്ത എന്നിവ വളർത്തിയെടുക്കുന്നതിന് മോഡൽ പാർലമെന്റ് നടപ്പിലാക്കണം. ₹ 50000
16. ജീവിത നൈപുണിയും തൊഴിൽ പരിശീലനവും നൽകുന്നതിനായി 11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസും നൽകണം. ₹ 200000
17. പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും വരുമാനവും നേടുന്നതിനായി ഹയർസെക്കന്ററി കുട്ടികൾക്കായി 'ഏൺ & ലേൺ പദ്ധതി' നടപ്പിലാക്കണം. ₹ 100000
18. പാഠ്യേതര പ്രവർത്തനങ്ങൾക്കും, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന സ്കൂൾ കൂട്ടായ്മകൾ (വിവിധ ക്ലബ്ബുകൾ, എസ്.പി.സി, സീഡ്, സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി, കരിയർ ഗൈഡൻസ്, സൗഹൃദക്ലബ്ബ്) ശക്തിപ്പെടുത്തണം.
19. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും നടത്തണം. ₹ 50000
20. കാർഷിക പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങൾ, കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ത്യാഗം, സേവന സന്നദ്ധത, പരിസ്ഥിതികാവബോധം എന്നീ മനോഭാവങ്ങൾ / മൂല്യങ്ങൾ കുട്ടികളിലെത്തണം. ₹ 50000
21. ഭാഷാ പ്രാവീണ്യം, നേതൃത്വ പാടവം, സർഗ്ഗാത്മശേഷി, ഇവ വളർത്തിയെടുക്കുന്നതിന് സ്കൂൾ റേഡിയോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ₹ 100000
22. കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി ലാബ് നവീകരണം, ഒരു നൂറ് പരീക്ഷണങ്ങൾ, ശാസ്ത്രസാങ്കേതിക മ്യൂസിയം സന്ദർശനം എന്നിവ നടത്തണം. ₹ 200000
23. പുകവലി, മദ്യം, ലഹരി മരുന്ന് ഇവ ഉപയോഗിക്കുന്നതിനെതിരെ കുട്ടികൾക്ക് അവബോധം ഉണ്ടാകുന്നതിനായി സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ (തെരുവ് നാടകം, മാഗസിൻ നിർമ്മാണം, സ്കോഡ് പ്രവർത്തനം, പോസ്റ്ററിംഗ്..) ഏറ്റെടുക്കുന്നതാണ്. ₹ 50000
24. കൗമാരപ്രായക്കാരായ കുട്ടികൾക്ക് ജീവിത സാഹചര്യങ്ങളെ മാനസികാരോഗ്യത്തോടെ നേരിടാൻ പ്രാപ്തമാക്കുന്നതിന് സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്സുകളും ക്യാമ്പുകളും നടത്തുന്നതാണ്. ₹ 50000
25. ജനാധിപത്യത്തിന്റെ നെടുംതൂണുകളിലൊന്നായ മീഡിയയെ സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തുംവിധം സ്കൂൾ ചാനൽ ... ആരംഭിച്ചിരിക്കുന്നതാണ്. ₹ 200000
26. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി നിന്തൽക്കുളം നിർമ്മാണം ₹ 250000

# സാമ്പത്തിക വിശകലനം

## പൊതു ലക്ഷ്യങ്ങൾ

| | | |
|---|---|---|
| 1. | തുല്യത, ഗുണത | ₹ 50000 |
| 2. | ആധുനിക സാങ്കേതിക വിദ്യ | ₹ 100000 |
| 3. | പ്രതിഭാകേന്ദ്രം | ₹ 100000 |
| 4. | ശ്രദ്ധ, നവപ്രഭ, റെമഡിയൽ ടീച്ചിംഗ് | ₹ 200000 |
| 5. | കലാകേന്ദ്രം | ₹ 200000 |
| 6. | കളരി, തായ്ക്കൊണ്ട, യോഗ | ₹ 200000 |
| 7. | നല്ലവായന, നല്ല പഠനം, നല്ല ജീവിതം | ₹ 200000 |
| 8. | സ്കൂൾ, ക്ലാസ്സ് ബ്യൂട്ടിഫിക്കേഷൻ | ₹ 400000 |
| 9. | ജൈവ വൈവിധ്യപാർക്ക് | ₹ 400000 |
| 10. | വിദ്യാലയകൂട്ടായ്മകൾ | ₹ 10000 |
| 11. | മോഡൽ പാർലമെന്റ് | ₹ 50000 |
| 12. | തൊഴിൽ നൈപുണി കേന്ദ്രം | ₹ 200000 |
| 13. | ഏൺ & ലേൺ പദ്ധതി | ₹ 200000 |
| 14. | സ്കൂൾ കൂട്ടായ്മകൾ | ₹ 50000 |
| 15. | കാർഷിക പ്രവർത്തനങ്ങൾ | ₹ 50000 |
| 16. | സ്കൂൾ റേഡിയോ | ₹ 100000 |
| 17. | ഒരു നൂറ് പരീക്ഷണങ്ങൾ | ₹ 200000 |
| 18. | ലഹരി വിരുദ്ധ പ്രവർത്തനം | ₹ 50000 |
| 19. | സൗഹൃദ ക്ലബ്ബ് | ₹ 50000 |
| 20. | സ്കൂൾ ചാനൽ | ₹ 200000 |
| 21. | നീന്തൽ കുളം | ₹ 2500000 |
| | **ആകെ** | **₹ 5510000** |

## സവിശേഷ ലക്ഷ്യങ്ങൾ – വിഷയാടിസ്ഥാനത്തിൽ

| | | |
|---|---|---|
| 22. | യു.പി.വിഭാഗം (മലയാളം) | ₹ 65000 |
| 23. | യു.പി.വിഭാഗം (ഇംഗ്ലീഷ്) | ₹ 85000 |
| 24. | യു.പി.വിഭാഗം (ഹിന്ദി) | ₹ 75000 |
| 25. | യു.പി.വിഭാഗം (ഗണിതം) | ₹ 65000 |
| 26. | യു.പി.വിഭാഗം (സയൻസ്) | ₹ 60000 |
| 27. | യു.പി.വിഭാഗം (സോഷ്യൽ സയൻസ്) | ₹ 80000 |
| 28. | എച്ച് എസ് വിഭാഗം (മലയാളം) | ₹ 45000 |
| 29. | എച്ച് എസ് വിഭാഗം (ഇംഗ്ലീഷ്) | ₹ 60000 |
| 30. | എച്ച് എസ് വിഭാഗം (ഹിന്ദി) | ₹ 65000 |
| 31. | എച്ച് എസ് വിഭാഗം (ഗണിതം) | ₹ 55000 |
| 32. | എച്ച് എസ് വിഭാഗം (സയൻസ്) | ₹ 85000 |
| 33. | എച്ച് എസ് വിഭാഗം (സോഷ്യൽ സയൻസ്) | ₹ 65000 |
| 34. | ലൈബ്രറി നവീകരണം | ₹ 485000 |
| | **ആകെ** | **₹ 6800000/–** |

### മേഖല അക്കാദമികം

# ബി. സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## മലയാളം – യു.പി.വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| **1. ഭാഷാപരമായ ശേഷി വികസനം** | വായന | ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | വായന കാർഡ്<br>റീഡിംഗ് മെറ്റീരിയൽ | ₹ 20000 |
| | ലേഖനം | തെറ്റില്ലാതെ ആശയക്രമീകരണത്തോടെയും എഴുതാനുള്ള ശേഷി നേടുന്നു. | | കഥ, കവിത പുസ്തകങ്ങൾ | |
| **2. സർഗ്ഗാത്മക ശേഷി വികസനം** | ആസ്വാദനം | വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | കഥ, കവിത പുസ്തകങ്ങൾ | ₹ 25000 |
| | സർഗ്ഗ സൃഷ്ടി | വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യരൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | പേപ്പർ ചാർട്ട്<br>പെൻ | |
| **3. വായന** | ലൈബ്രറി പുസ്തകങ്ങൾ ആസ്വദിക്കുന്നു. | ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂളിലെ ലൈബ്രറി കളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാൻ ഉള്ള താൽപര്യം ഉണ്ടാകുന്നു. | എല്ലാമാസത്തിലും | പി.റ്റി.എ<br>എ.പി.റ്റി.എ<br>സ്കൂൾ ലൈബ്രറി | ₹ 20000 |

# മലയാളം – യു.പി. വിഭാഗം

**ലക്ഷ്യം : മലയാള ഭാഷാപരമായ ശേഷികളുടെ വികസനം**

**ഉപലക്ഷ്യങ്ങൾ** :

1. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.
2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.
3. വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.
4. വിവിധ സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.
5. ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

## മലയാളം – യു.പി.വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ഹ്രസ്വം/ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| ഒഴുക്കോടെയും തെറ്റില്ലാതെയും വടിവോടെയും ലേഖനത്തിനുള്ള ശേഷി | പ്രീടെസ്റ്റ്<br>ഗ്രൂപ്പിംഗ്<br>പദസൂര്യൻ<br>കഥാപൂരണം<br>കവിതാപൂരണം<br>പതിപ്പുകൾ<br>കയ്യെഴുത്ത് മത്സരം<br>ചുവർപത്രിക /മാസിക | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ഭാഷാധ്യാപകർ<br>ഭാഷാധ്യാപകർ | വായന സാമഗ്രി<br>ചാർട്ട് പേപ്പർ<br>മാർക്കർപെൻ<br>പേപ്പർ<br>പേന | ബി.ആർ.സി<br>എസ്.ആർ.ജി |
| ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കുന്നതിനുള്ള ശേഷി നേടുന്നു. | ഗ്രൂപ്പിംഗ്<br>ഭാഷാ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പ്<br>വായന മത്സരം ഗ്രന്ഥശാല അംഗത്വം<br>വാർത്ത വായന | ജൂൺ<br>3 ആഴ്ച<br>10 മാസം<br>ജൂലൈ മുതൽ മാർച്ച് വരെ | ഹ്രസ്വം<br>ദീർഘം<br>ദീർഘം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>രക്ഷിതാക്കൾ | അക്ഷരക്കാർഡുകൾ<br>പുസ്തകങ്ങൾ<br>ചാർട്ട്<br>സ്കൂൾ അസംബ്ലി<br>രക്ഷാകർത്തൃ പങ്കാളിത്തം | അധ്യാപകർ<br>രക്ഷിതാക്കൾ<br>ബി.ആർ.സി |

# ഇംഗ്ലീഷ് യു.പി. വിഭാഗം

**ലക്ഷ്യം**

**1. ലിസണിംഗ്, സ്പീക്കിംഗ്, റീഡിംഗ്, റൈറ്റിംഗ് ഇംഗ്ലീഷ്**

ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും പറഞ്ഞ് പ്രകടിപ്പിക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്നതിനും ശേഷി നേടുന്നു.

**2. സർഗ്ഗശേഷി**

ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ (സാഹിത്യ സൃഷ്ടികൾ)വിവിധ വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും സാഹിത്യ സൃഷ്ടി നടത്തുന്നതിനും ശേഷി നേടുന്നു.

| ഇംഗ്ലീഷ് – യു. പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഒഴുക്കോടെ ഇംഗ്ലീഷിൽ ആശയങ്ങൾ കേൾക്കുന്നതിനും ഓഡിയോ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും ശേഷി നേടുന്നു | ജൂൺ ജൂലൈ (ആഴ്ചയിൽ ഒരു ദിവസം) | സിഡി പെൻഡ്രൈവ് മൊബൈൽ ലാപ് | ₹ 20000 |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് ശേഷി നേടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ (ആഴ്ചയിൽ 3 ദിവസം) | റിക്കോഡിംഗ് സിസ്റ്റം മൊബൈൽ ലാപ് | ₹ 15000 |
| | റീഡിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ (ആഴ്ചയിൽ മൂന്ന് ദിവസം) | പാത്രം റീഡിംഗ് മെറ്റീരിയൽ പുസ്തകം (ലൈബ്രറി) | ₹ 10000 |
| | റൈറ്റിംഗ് | വ്യാകരണ തെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | നവംബർ ഡിസംബർ (ആഴ്ചയിൽ രണ്ട് ദിവസം) | ചാർട്ട് പേപ്പർ പെൻ | ₹ 10000 |
| സർഗ്ഗപരമായ ശേഷി വികസനം | ആസ്വാദനം | വ്യത്യസ്ത സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു | ജനുവരി ഫെബ്രുവരി (ആഴ്ചയിൽ ഒരു ദിവസം) | പേപ്പർ പേന | ₹ 15000 |
| | സർഗ്ഗസൃഷ്ടി | വ്യത്യസ്ത സാഹിത്യ രൂപങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നതിനുള്ള ശേഷി നേടുന്നു. | ഫെബ്രുവരി മാർച്ച് (ആഴ്ചയിൽ ഒരു ദിവസം) | മാർക്കർ പെൻ | ₹ 15000 |

## ഇംഗ്ലീഷ് യു.പി വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 എൽ.എസ്.ആർ.ഡബ്ലിയു. ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും എഴു താനും വായിക്കാനും ഉള്ളശേഷി എല്ലാ കുട്ടികളും നേടുന്നു. | **ലിസണിംഗ്**<br>ഇംഗ്ലീഷ് ഭാഷയിൽ കഥകൾ കേൾക്കാനുള്ള അവസരം (ഓഡിയോ) (ടീച്ചർ) വീഡിയോ, ഷോട്ട്ഫിലിം എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ ഗ്രഹിക്കുന്നു. സ്കൂൾ റേഡിയോയിലൂടെയുള്ള ഇംഗ്ലീഷ് പരിപാടികൾ കേൾക്കുന്നു. ഇംഗ്ലീഷ് അസംബ്ലിയിലൂടെ ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | ലാപ്ടോപ്<br>മൊബൈൽ ഫോൺ<br>എൽ.സി.ഡി പ്രോജക്ടർ | ബി.ആർ.സി<br>എസ്.ആർ.ജി |
| | **സ്പീക്കിംഗ്**<br>റോൾ പ്ലേ, സ്റ്റോറി ടെല്ലിംഗ്, ഡിബേറ്റ്, സെമിനാർ, പാനൽ ഡിസ്കഷൻ എന്നിവ സ്കൂൾ തലത്തിലും ക്ലാസ്സ് തലത്തിലും നടത്തുന്നു, സ്കിറ്റ്, കോറിയോഗ്രാഫി ഇവയിലൂടെ ആശയങ്ങൾ വിനിമയം ചെയ്യുന്നു. സ്കൂൾ റേഡിയോയിലൂടെ വിവിധ വിഷയങ്ങളിൽ സ്പീച്ച് അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | റിക്കോഡിംഗ് സിസ്റ്റം<br>കോസ്റ്റ്യൂം<br>ലൈബ്രറി<br>ചാർട്ട് പേപ്പർ<br>മാർക്കർ പെൻ | ബി.ആർ.സി<br>എസ്.ആർ.ജി<br>ബി.ആർ.സി |
| | **റീഡിംഗ്** - ക്ലാസ്തലത്തിൽ ഇംഗ്ലീഷ് കോണർ (പുസ്തകങ്ങൾ, മാഗസിൻ, ന്യൂസ് പേപ്പർ) സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി റീഡിംഗ് മെറ്റീരിയൽ ഇവ കൊടുക്കുന്നു. റീഡിംഗ് കോമ്പറ്റീഷൻ, ബയോഗ്രഫി, ആട്ടോ ബയോഗ്രഫി ഇവ വായിക്കാനുള്ള അവസരം. ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | | |
| | **റൈറ്റിംഗ്**<br>അക്ഷരങ്ങൾ ഉറപ്പിക്കാനും ചെറിയ വാക്കുകൾ ഉറപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ പോസ്റ്റർ, വാൾ മാഗസിൻ ഇവ തയ്യാറാക്കൽ ഇംഗ്ലീഷ് മാഗസിൻ ക്ലാസ്സ് തലത്തിലും മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ തലത്തിലും | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | ലാബ് (കമ്പ്യൂട്ടർ)<br>ലാപ്<br>സ്പീക്കർ | ഇംഗ്ലീഷ് ക്ലബ്ബ്<br>എസ്.ആർ.ജി |
| 2. പഠന പിന്നോക്കാവസ്ഥ മാറ്റി തുല്യത കൈവരിക്കൽ | **പ്രി ടെസ്റ്റ്**<br>ഗ്രൂപ്പിംഗ് (നിലവാരമനുസരിച്ച്)<br>റെമഡിയൽ ടീച്ചിംഗ് - അധികസമയം കണ്ടെത്തി വിവിധ കളികളിലൂടെയും ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തിയും. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | പുസ്തകങ്ങൾ<br>അനുബന്ധ സാമഗ്രികൾ | പി.ടി.എ<br>എസ്.ആർ.ജി |
| 3. മികവുള്ള കുട്ടികൾക്ക് ടാലന്റ് ഹണ്ട് | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് തീയറ്റർ<br>ഇംഗ്ലീഷ് റീഡിംഗ് റൂം<br>ഇംഗ്ലീഷ് മാഗസിൻ | വർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | | |

# ഹിന്ദി യു. പി. വിഭാഗം

**ലക്ഷ്യം**

1. ഹിന്ദി ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും തെറ്റില്ലാതെ സംസാരിക്കുന്നതനും തെറ്റില്ലാതെ ആശയ വ്യക്തതയോടെ എഴുതുന്നതിനും ശേഷി നേടുന്നു.

2. ഹിന്ദി ഭാഷയിൽ എഴുതിയിട്ടുള്ള വിവിധ സാഹിത്യ രൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും വിവിധ സാഹിത്യ രൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവയിൽ സൃഷ്ടികൾ നടത്തുന്നതിനും ശേഷി നേടുന്നു.

| ഹിന്ദി – യു. പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഒഴുക്കോടെ ഹിന്ദിയിൽ ആശയങ്ങൾ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ശേഷി നേടുന്നു | ജൂൺ ജൂലൈ (ആഴ്ചയിൽ ഒരു ദിവസം) | സിഡി പെൻഡ്രൈവ് മൊബൈൽഫോൺ | ₹ 20000 |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി നേടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ (ആഴ്ചയിൽ 3 ദിവസം) | റിക്കോഡിംഗ് സിസ്റ്റം മൊബൈൽ ലാപ് | ₹ 15000 |
| | റീഡിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ ഉള്ള റീഡിംഗ് മെറ്റീരിയൽസ്, പുസ്തകം എന്നിവ വായിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ (ആഴ്ചയിൽ രണ്ട് ദിവസം) | റീഡിംഗ് മെറ്റീരിയൽസ് ലൈബ്രറി പുസ്തകം | ₹ 15000 |
| | റൈറ്റിംഗ് | ഗ്രാമർ തെറ്റില്ലാതെ ഹിന്ദി ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു. | നവംബർ ഡിസംബർ (ആഴ്ചയിൽ രണ്ട് ദിവസം) | ചാർട്ട് പേപ്പർ പെൻ | ₹ 10000 |
| സർഗ്ഗപരമായ ശേഷി | ആസ്വാദനം | വ്യത്യസ്ത സാഹിത്യരൂപങ്ങൾ വായിച്ച് ആസ്വദിക്കുന്നു. | ജനുവരി ഫെബ്രുവരി (ആഴ്ചയിൽ രണ്ട് ദിവസം) | ലൈബ്രറി പുസ്തകം | |
| | സർഗ്ഗസൃഷ്ടി | ഹിന്ദിഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നു. | ഫെബ്രുവരി മാർച്ച് (ഒരു ദിവസം) | പേപ്പർ മാർക്കർ പെൻ | ₹ 15000 |

| ഹിന്ദി ഭാഷയിലേക്ക് ഒരു ചുവടുവയ്പ് | | |
|---|---|---|
| പ്രവർത്തനം | കാലം/ സമയം | ചുമതല |
| ങ്ങളുറപ്പിക്കൽ - വിഷ്വൽ മീഡിയുടെ സഹായത്തോടെ | ജൂൺ | ഹിന്ദി അധ്യാപകർ |
| മാലാ പാട്ടുകൾ, വിവിധ ചാർട്ടുകൾ ഇവ പ്രദർശിപ്പിക്കുന്നു. | ജൂലൈ | ഹിന്ദി അധ്യാപകർ |
| ാഷ, ആംഗ്യഭാഷ ഇവയിലൂടെ ഹിന്ദി ഭാഷയിലെ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നു. | (പഠനപ്രവർത്തനങ്ങളോടൊപ്പം) | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അധ്യാപകർ |
| .സി യുടെ സഹായത്തോടെ ലളിതമായ ഹിന്ദി ചിത്ര കഥകളും ദൃശ്യങ്ങളും കാണാനും<br>നും അവസരം | ആഴ്ചയിൽ രണ്ടു ദിവസം | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് |
| ാഷയിൽ സ്കൂൾ അസംബ്ലി | മാസത്തിലൊരിക്കൽ | ഹിന്ദി ക്ലബ്ബ്<br>ബി.ആർ.സി |
| ാര്യങ്ങൾക്ക് പുറമേ പാഠ്യേതര കവിതകളുടേയും നാടകങ്ങളുടേയും സംഭാഷണങ്ങളു<br>ശ്യാവിഷ്ക്കാരം (കുട്ടികളെ ഗ്രൂപ്പാക്കി നടത്തുന്നു) | മാസത്തിലൊരിക്കൽ | പി.ടി.എ |
| ം ക്ലാസ്സ് പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങളുടെ അനിമേഷൻ സിഡി തയ്യാറാ<br>അവതരിപ്പിക്കുന്നു. | ദീർഘകാലം | |
| ുത്ത് മാസിക (ഓരോ ക്ലാസ്സിലും) ക്ലാസ്സുകൾ കൈമാറി വായിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകർ |
| വസം ഒരു വാക്ക് (ക്ലാസ്സുകളിൽ) ഓരോ പ്രവൃത്തി ദിവസവും ഓരോ ഹിന്ദി വാക്കും<br>പൊരുളും പ്രയോഗവും തിരിച്ചറിയുന്നു. | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ<br>കുട്ടികൾ |
| പവർത്തനങ്ങൾ (ക്വിസ്സ്, സംവാദം, പ്രസംഗം, സാഹിത്യ രചന, കവിതാലാപനം, ആസ്വാദന<br>കളുടേ അവതരണം, സർഗ്ഗവാസനകളുടെ പ്രോത്സാഹനവും പരിശീലനവും | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ |
| പുസ്തകങ്ങൾ (ഹിന്ദി) ഓരോ ക്ലാസ്സിലും<br>വർത്തനത്തിന് ശേഷം പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് ക്ലാസ്സ് പ്രവർത്തന<br>ൂകരിച്ച് നൽകുന്നു. | എല്ലാ ദിവസവും ഒരു മണിക്കൂർ | ഹിന്ദി അധ്യാപകർ |

# <u>ഗണിതം യു.പി.വിഭാഗം</u>

ലക്ഷ്യങ്ങൾ

1. ചതുഷ്ക്രിയകളിലെ ആശയങ്ങൾ (കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ) ഉറപ്പിക്കൽ
2. സംഖ്യകളുടെ തിരിച്ചറിയൽ, താരതമ്യം, വലുത്, ചെറുത്, ഭിന്നസംഖ്യ ഇവ ഉറപ്പിക്കൽ.
3. ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ
4. ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും വരയ്ക്കാനും ഉള്ള കഴിവ് നേടൽ
5. പ്രായോഗിക ജീവിതത്തിലെ അളവുകളേയും തൂക്കങ്ങളേയും മനസ്സിലാക്കാനും ഉപകരണങ്ങൾ നിർമ്മിക്കാനുമുളള ശേഷി നേടൽ.
6. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ.
7. മികവ് പുലർത്തുന്ന കുട്ടികൾക്ക് അധികപരിശീലനത്തിലൂടെ ഉയർന്ന നിലവാരമെത്തിക്കൽ.
8. ഗണിത മ്യൂസിയം നിർമ്മാണം.

## ഗണിതം – യു. പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1.ചതുഷ് ക്രിയക ളിലെ ആശയങ്ങൾ | സംഖ്യാബോധം ഉറപ്പിക്കൽ | കൂട്ടൽ, കുറയ്ക്കൽ, ഗുണി ക്കൽ, ഹരിക്കൽ, ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു. | ജൂൺ, ജൂലൈ (എല്ലാദിവസവും) | മാർക്ക് ഷീറ്റ് കാർഡുകൾ | ₹ 10000 |
| 2. സംഖ്യകൾ തിരിച്ചറിയുന്നു. താരതമ്യം ചെയ്യുന്നു. | അടിസ്ഥാനക്രിയകൾ ഉറപ്പിക്കൽ | സംഖ്യകളുടെ താരതമ്യം, വലുത് - ചെറുത് അടിസ്ഥാ നക്രിയ ഉറപ്പിക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | സംഖ്യാ കാർഡുകൾ വസ്തുക്കൾ | ₹ 10000 |
| 3. പ്രശ്ന നിർദ്ധാ രണ ശേഷി | ഗണിത കളരി | ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾക്ക് പരി ഹാരം കാണൽ. | സെപ്റ്റംബർ ഒക്ടോബർ | ചാർട്ട്, ചിത്രങ്ങൾ | ₹ 10000 |
| 4. ജ്യാമിതീയ ഉപക രണങ്ങൾ | ഗണിത ശില്പശാല | ജ്യാമിതീയ രൂപങ്ങളെ തിരി ച്ചറിയുന്നു, വരയ്ക്കുന്നു, നിർമ്മിക്കുന്നു. | നവംബർ ഡിസംബർ | ചാർട്ട്, കാർഡ് ബോർഡ് പെൻ, പേപ്പർ | ₹ 10000 |
| 5. അളവുകൾ, തൂക്കങ്ങൾ | അളവുപകരണങ്ങൾ നിർമ്മാണവും പ്രദർശ നവും | പ്രായോഗിക ജീവിതവു മായി ബന്ധപ്പെട്ട അളവുക ളെയും തൂക്കങ്ങളെയും തിരിച്ചറിയുന്നു. ഉപകരണ ങ്ങൾ നിർമ്മിക്കാനുള്ള നൈ പുണി നേടുന്നു. | ജനുവരി ഫെബ്രുവരി | ചാർട്ട് കാർഡ് അളവ് പാത്രങ്ങൾ | ₹ 10000 |
| 6. മികവാർന്ന കുട്ടി കൾക്ക് അധിക പരി ശീലനം | ന്യൂമാറ്റ്സ്, യു.എസ്. എസ്. കുട്ടികൾക്ക് പരിശീലനം | പ്രതിഭകളായ കുട്ടികളെ ഉയർന്ന നിലവാരത്തിലെ ത്തിക്കാൻ പ്രത്യേകം പരിശീ ലനം | ആഴ്ചയിൽ ഒരു ദിവസം | വർക്ക് ഷീറ്റ് മാതൃകാ ചോദ്യങ്ങൾ | ₹ 5000 |
| 7. ഗണിത മ്യൂസിയം | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ച് മ്യൂസിയം | ഗണിതാശയങ്ങൾ ഉൾക്കൊ ള്ളുന്ന ചിത്രങ്ങൾ, രൂപ ങ്ങൾ, ശില്പങ്ങൾ എന്നിവ ഉൾപ്പെടുത്തി മ്യൂസിയം തയ്യാറാക്കൽ | ഫെബ്രുവരി മാർച്ച് | പി.ടി.എ. ഗണിതം ക്ലബ്ബ് | ₹ 10000 |
| | | | | ആകെ | ₹ 65000 |

| ഗണിത വിജയം – യു. പി വിഭാഗം | | | | | | |
|---|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | കാലം/ സമയം | ഹ്രസ്വം/ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
| 1. സംഖ്യാബോധം | 1. **സംഖ്യാബോധം ഉറപ്പിക്കുന്ന കളികൾ**, കാർഡ് കളി, ഏണിയും പാമ്പും, കളിനോട്ടുകൾ<br>2. **സ്ഥാനവില പോക്കറ്റുകൾ**, പ്രവർത്തനങ്ങൾ.<br>3. **ഗണിതവത്കരണം**<br>ക്ലാസ്സ് മുറി, സ്കൂൾ ചുമര് എന്നിവ ഗണിതാശ്യങ്ങളുള്ള ചിത്രങ്ങളും രൂപങ്ങളും വരച്ച് ആകർഷകമാക്കൽ. | ജൂൺ ജൂലൈ | ഹ്രസ്വം | ഗണിതാധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ചാർട്ട് കാർഡ് ബോഡ്, പെയിന്റ് | ടീച്ചർ ഗ്രാന്റ് |
| 2 അടിസ്ഥാന ക്രിയകൾ | 1. **സങ്കലനം**<br>സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകളുടെ ക്രമീകരണം<br>ഓരോ സ്ഥാനത്തും ശിഷ്ടം വരുന്ന അക്കങ്ങളുടെ എണ്ണം കൂട്ടുന്നു. (സ്ഥാനവില പ്പോക്കറ്റ്)<br>പരിശീലന ബുക്ക് നിർമ്മിച്ചു നൽകുന്നു. വിലയിരുത്തുന്നു. | ജൂലൈ ആഗസ്റ്റ് | ഹ്രസ്വം | ഗണിതാധ്യാപകർ മെച്ചപ്പെട്ട കുട്ടികൾ | ചാർട്ട് ബോർഡ് | ടീച്ചർ ഗ്രാന്റ് |
| | 2. **വ്യവകലനം** (മുകളിൽ കൊടുത്ത പ്രവർത്തനങ്ങൾ വ്യവകലനത്തിനും നൽകുന്നു) | | | | | |
| | 3. **ഗുണനം**<br>ഗുണനവസ്തുതകൾ ഉറപ്പിക്കൽ<br>ആവർത്തന സങ്കലനം, കൂട്ടങ്ങൾ<br>ഗുണനക്രിയകൾ (പരിശീലനബുക്ക് നിർമ്മിച്ച് നൽകുന്നു) | സെപ്റ്റംബർ ഒക്ടോബർ | ഹ്രസ്വം | ഗണിതാധ്യാപകർ മെച്ചപ്പെട്ട കുട്ടികൾ | ചാർട്ട് ബോർഡ് | സെൽഫ് |
| | 4. **ഹരണം**<br>ആവർത്തന വ്യവകലനം എന്ന ആശയം ഉറപ്പിക്കൽ<br>ഗുണവസ്തുതകളെ ഉപയോഗപ്പെടുത്തിയുള്ള ഹരണം | നവംബർ ഡിസംബർ | ഹ്രസ്വം | ഗണിതാധ്യാപകർ മെച്ചപ്പെട്ട കുട്ടികൾ | ചാർട്ട് ചിത്രം | സെൽഫ് |
| 3 ഗണിതാശയങ്ങൾ ഉറപ്പിക്കൽ | 5. **ഗണിതക്കളരി**<br>പ്രശ്നാപഗ്രഥനശേഷി, യുക്തിചിന്ത ഇവ വളർത്തിയെടുക്കുന്നതിനായി ഗണിതക്കളരി സംഘടിപ്പിക്കുന്നു. | ജൂലൈ, ആഗസ്റ്റ് സെപ്റ്റംബർ | ദീർഘം | ഗണിതാധ്യാപകർ | വിവിധ ഉൽപ്പന്നങ്ങൾ വസ്തുക്കൾ | സെൽഫ് |
| | 6. **ഗണിത ശില്പശാല**<br>ഗണിതാശയങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം, ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം, അളവുപകരണങ്ങളുടെ നിർമ്മാണം എന്നീ പരിശീലനങ്ങൾ നൽകുന്നു. | ഒരു ദിവസം | ഹ്രസ്വം | ഗണിതാധ്യാപകർ വിദഗ്ധർ | പേപ്പർ, തടി തെർമോക്കോൾ മറ്റ് സാധനങ്ങൾ | ടീച്ചർ ഗ്രാന്റ് സെൽഫ് |
| 4. ന്യൂമാറ്റ്സ്, യു എസ് എസ് പരിശീലനം | 7. **ന്യൂമാറ്റ്സ്, യു. എസ്. എസ് പരിശീലനം**<br>ന്യൂമാറ്റ്സ്, യു.എസ്.എസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ദീർഘം | ഗണിതാധ്യാപകർ | മാതൃകാ ചോദ്യങ്ങൾ വർക്ക് ഷീറ്റുകൾ | |
| 5. ഗണിതപ്രശ്നോത്തരി പുസ്തക നിർമ്മാണം | 8. **ഗണിത ക്വിസ്** ചോദ്യോത്തരങ്ങൾ സമാഹരിച്ചും നിർമ്മിച്ചും ഗണിതം പ്രശ്നോത്തരി പുസ്തക നിർമ്മാണം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ദീർഘം | ഗണിതാധ്യാപകർ | | സെൽഫ് |
| 6. ഗണിത മ്യൂസിയം | 9. **ഗണിത മ്യൂസിയം** – ഗണിതാശയങ്ങൾ, ഗണിതരൂപങ്ങൾ, ഗണിത തത്വങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ചിത്രങ്ങൾ, മാതൃകകൾ, രൂപങ്ങൾ പ്രവർത്തന മാതൃകകൾ എന്നിവ നിർമ്മിച്ച് മ്യൂസിയം തയ്യാറാക്കുന്നു. ഗണിത പ്രയോഗിക പ്രവർത്തനങ്ങൾ ചെയ്ത് പഠിക്കാനുള്ള സൗകര്യം മ്യൂസിയത്തിൽ നിർമ്മിച്ചു നൽകുന്നു. | 2 വർഷം | ദീർഘം | ഗണിതാധ്യാപകർ വിദഗ്ധർ | ലൈബ്രറി പുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ, തടി പ്ലൈവുഡ്, ഹീറ്റ് ലോൺ, ഷീറ്റ്, സൺ.. ഷീറ്റ് റീപ്പർ, പുഷ്ബട്ടൺ നൂൽ കമ്പി, മറ്റ് വസ്തുക്കൾ | പി.ടി.എ. സഹായം |

## അടിസ്ഥാന ശാസ്ത്രം – യു.പി.വിഭാഗം

ലക്ഷ്യങ്ങൾ :

1. ശാസ്ത്രാഭിമുഖ്യവും പ്രക്രിയാശേഷിയും വളർത്തുക.
2. ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക.
3. ശാസ്ത്രസംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കിടുക
4. കുട്ടികളിൽ നിരീക്ഷണ - പരീക്ഷണ പാടവം വളർത്തുക.
5. മികച്ച ശാസ്ത്ര പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി നിലവാരമുയർത്തുക.
6. ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നിർമ്മിക്കുക.

## അടിസ്ഥാന ശാസ്ത്രം – യു.പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര കിറ്റ് തയ്യാറാക്കൽ | ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക. | ജൂൺ<br>ജൂലൈ | പി.ടി.എ<br>എസ്.എസ്.ജി | ₹ 5000 |
| 2. ശാസ്ത്രവും സമൂഹവും | സയൻസ് സെമിനാർ<br>ശാസ്ത്ര ചുമർ നിർമ്മാണം | ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക. | ആഗസ്റ്റ്<br>സെപ്റ്റംബർ | സയൻസ് ക്ലബ്<br>ബി.ആർ.സി | ₹ 10000 |
| 3. നൂതന ആശയങ്ങൾ | ശാസ്ത്രോത്സവം<br>എക്സിബിഷൻ | ശാസ്ത്ര സംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുക | ഒക്ടോബർ<br>നവംബർ | സയൻസ് ക്ലബ്,<br>ബി.ആർ.സി | ₹ 10000 |
| 4. പരീക്ഷണ നിരീക്ഷണങ്ങൾ | ഒരു നൂറ് പരീക്ഷണങ്ങൾ | കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക. | ഡിസംബർ<br>ജനുവരി | ലാബ്<br>വിദഗ്ധർ, പി.ടി.എ | ₹ 15000 |
| 5. മികവ് | ടാലന്റ് ഹണ്ട് | മികച്ച ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനം | ജൂൺ മുതൽ<br>ഫെബ്രുവരി വരെ | വിദഗ്ധർ<br>എസ്.എസ്.ജി | ₹ 10000 |
| 6. ശാസ്ത്ര പുസ്തക നിർമ്മാണം | പാഠപുസ്തക രചന | ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ<br>മാർച്ച് വരെ | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>പ്രിന്റർ | ₹ 10000 |
| | | | | ആകെ | ₹ 60000 |

## സയൻസ് – യു. പി. വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | ഹ്രസ്വം/ദീർഘം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | **ശാസ്ത്രകിറ്റ് തയ്യാറാക്കൽ**<br>യൂണിറ്റിലെ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്യുന്നതിനാവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്ര കിറ്റ് തയ്യാറാക്കുന്നു. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ശാസ്ത്രകിറ്റ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ<br>ജൂലൈ | സയൻസ് അധ്യാപകർ | പി ടി എ | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 2.ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക. | **ശാസ്ത്രച്ചുമർ നിർമ്മാണം**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, കണ്ടെത്തലുകൾ, വാർത്തകൾ തുടങ്ങിയവ ഉപയോഗിച്ച് ചുമർ ആകർഷകമാക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ | സയൻസ് അധ്യാപകർ<br>കുട്ടികൾ | സയൻസ് ക്ലബ് | ഹ്രസ്വം | സെൽഫ് |
| 3. നൂതന ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | **ശാസ്ത്രസംബന്ധിയായ പതിപ്പുകൾ**<br>ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് എക്സിബിഷൻ | ഒക്ടോബർ<br>നവംബർ | സയൻസ് ക്ലബ്ബ്<br>അധ്യാപകർ | പി ടി എ, എസ് എസ് ജി | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 4. കുട്ടികളുടെ നിരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | **ഒരു നൂറ് പരീക്ഷണങ്ങൾ**<br>യു.പി. ക്ലാസ്സുകളിലെ ശാസ്ത്രാശയങ്ങളെ അടിസ്ഥാനമാക്കി ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഒരു വർഷം കൊണ്ട് നൂറ് പരീക്ഷണങ്ങൾ നടത്തുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനാശയങ്ങൾ കുട്ടികളിലെത്തിക്കാനും ശാസ്ത്രീയ മനോഭാവം വളർത്താനും ലക്ഷ്യമിടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>മികച്ച കുട്ടികൾ | എസ് എസ് ജി<br>വിദഗ്ധർ | ദീർഘം | ടീച്ചേഴ്സ് ഗ്രാന്റ് |
| 5. ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന മികച്ച കുട്ടികൾക്ക് അധിക പരിശീലനം | **ടാലന്റ് ഹണ്ട്**<br>സയൻസിലെ മികച്ച കുട്ടികളെ കണ്ടെത്തി അധിക പരിശീലനത്തിലൂടെ നിലവാരമുയർത്തുന്നു. | ജൂൺ മുതൽ<br>ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | വിദഗ്ധർ<br>എസ് എസ് ജി | ദീർഘം | സെൽഫ് |
| | പാഠപുസ്തക രചന ശാസ്ത്ര സംബന്ധിയായ പാഠപുസ്തകങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ<br>ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | ഇന്റർനെറ്റ്<br>വിദഗ്ധർ<br>കമ്പ്യൂട്ടർ<br>പ്രിന്റർ | ദീർഘം | പി.ടി.എ |

# സാമൂഹ്യശാസ്ത്രം – യു.പി. വിഭാഗം

**ലക്ഷ്യം**

1. ചരിത്രബോധം വളർത്തിയെടുക്കൽ.
2. തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം.
3. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം.
4. തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ.
5. ജനാധിപത്യ ബോധവും പൗരധർമ്മവും വളർത്തൽ.
6. മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ പങ്കാളിത്തം.
7. സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.
8. ഭൂപട നിർമ്മാണ ശേഷി.
9. അറ്റ്ലസ് നിർമ്മാണ ശേഷി.
10. ഗ്ലോബ് നിർമ്മാണ ശേഷി.
11. സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം.

| സാമൂഹ്യ ശാസ്ത്രം – യു.പി.വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| 1. ചരിത്രബോധം | പുരാവസ്തു പ്രദർശനം<br>മ്യൂസിയം സന്ദർശനം<br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം<br>ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | പി.ടി.എ | ₹ 25000 |
| 2. ജനാധിപത്യ ബോധം പൗര ബോധം | തെരഞ്ഞെടുപ്പ് പ്രക്രിയ<br>മോഡൽ പാർലമെന്റ്<br>പ്രസംഗക്കളരി | ജനാധിപത്യസമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | ₹ 20000 |
| 3. ഭൂപടവായന ശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ<br>ഭൂപട പസിൽ നിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം | സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു<br>ഭൂപട വായനാശേഷി വളർത്തൽ<br>ഭൂപടം അറ്റ്ലസ്, ഗ്ലോബ് നിർമ്മാണ നൈപുണി നേടൽ | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ചാർട്ട്<br>മാപ്പ്<br>സൺപായ്ക്ക് ഷീറ്റ് | ₹ 10000 |
| 4. സാമൂഹ്യ ശാസ്ത്ര ലാബ നവീകരണം | ലാബ് ആകർഷകമാക്കൽ<br>ചിത്രീകരണം<br>നിശ്ചല മാതൃകകൾ,<br>പ്രവർത്തനമാതൃകകൾ | ലാബ് നവീകരണത്തിലൂടെ സാമൂഹ്യ ശാസ്തര അവബോധം | | പെയിന്റ്<br>ചാർട്ട്<br>വിവിധ മോഡലുകൾ | ₹ 25000 |
| | | | | ആകെ | ₹ 80000 |

# സാമൂഹ്യശാസ്ത്രം – യു. പി. വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. കുട്ടികളിൽ ചരിത്ര ബോധം വളർത്തിയെ ടുക്കൽ | പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>പുരാവസ്തു പ്രദർശനം<br>മ്യൂസിയം സന്ദർശനം (കായംകുളം കൃഷ്ണപുരം കൊട്ടാരം, തിരുവനന്തപുരം മ്യൂസിയം)<br>സ്കൂൾ ചരിത്രമ്യൂസിയം തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | എസ്.എസ്. ക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ<br>ടീച്ചേഴ്സ് ഗ്രാന്റ് | ബി.ആർ.സി<br>എസ്.എസ്.ജി |
| 2.ജനാധിപത്യബോധവും പൗരബോധവും പൗരധർമ്മവും വളർത്തുക | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>ഇലക്ഷൻ വിജ്ഞാപനം<br>നാമനിർദ്ദേശ പത്രിക സ്വീകരിക്കൽ<br>സൂക്ഷ്മനിരീക്ഷണം<br>പിൻവലിക്കൽ<br>വോട്ടെടുപ്പ് (ബാലറ്റ് പേപ്പർ ഉപയോഗിച്ച്)<br>ഫലപ്രഖ്യാപനം<br>സത്യ പ്രതിജ്ഞ<br>മോഡൽ പാർലമെന്റ് രൂപീകരണം<br>വകുപ്പുകളുടെ ചുമതല<br>പാർലമെന്റ് സഭ ചേരൽ<br>പ്രസംഗക്കളരി | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | എസ്. എസ്. ക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ<br>ടീച്ചേഴ്സ് ഗ്രാന്റ് | പാർലമെന്ററി വകുപ്പ് |
| 3. ഭൂപട വായനാ ശേഷി വളർത്തൽ | ഭൂപടവുമായി ബന്ധപ്പെട്ട പസിൽ നിർമ്മാണം<br>ഭൂപടവുമായി ബന്ധപ്പെട്ട വിവിധ കളികൾ<br>ഭൂപട നിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പഠന വിഭവ<br>സിഡി, ഗ്ലോബ്, മാപ്പ്, അറ്റ്ലസ്, സൺപായ്ക്ക് ഷീറ്റ് | ബി.ആർ.സി<br>എസ്.എസ്.ജി |
| 4. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | സാമൂഹ്യശാസ്ത്ര ലാബ് ആകർഷകമാക്കൽ<br>ചിത്രീകരണം<br>വിവിധ നിശ്ചല മാതൃകകൾ, പ്രവർത്തന മാതൃകകൾ നിർമ്മിക്കൽ | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പെയിന്റ്<br>ചാർട്ട്<br>വിവിധ മോഡലുകൾ | ബി.ആർ.സി<br>എസ്.എസ്.ജി |

# ഭാഷാതരംഗിണി – (മലയാളം ഹൈസ്കൂൾ)

ലക്ഷ്യം

1. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനയിലൂടെ ഉയർന്ന ഭാഷാ ശേഷികൾ കൈവരിക്കുന്നതിന്.

2. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ലേഖന പ്രവർത്തനങ്ങളിലൂടെ ഉയർന്ന ഭാഷാശേഷികൾ കൈവരിക്കുന്നതിന്.

3. മലയാളത്തിലെ വിവിധ സാഹിത്യ രൂപങ്ങൾ (കഥ, കവിത, നാടകം, തിരക്കഥ...) ആസ്വദിക്കാനുള്ള ശേഷി നേടുന്നതിന്.

4. കുട്ടികൾ കൈവരിച്ച ഭാഷാശേഷികളിലൂടെ വിവിധ സാഹിത്യ രൂപ ങ്ങളും വ്യവഹാര രൂപങ്ങളും സൃഷ്ടിക്കാനുള്ള ശേഷി നേടുന്നു.

5. വ്യത്യസ്ത സാഹിത്യ കൃതികളെയും വിജ്ഞാനകൃതികളെയും അടുത്ത റിയാനും വായിക്കാനും, ഗ്രാമീണ ഗ്രന്ഥശാലകളെയും സ്കൂൾ ലൈബ്ര റിയേയും ഫലപ്രദമായി ഉപയോഗിക്കുന്നു.

| ഭാഷാ തരംഗിണി (മലയാളം – ഹൈസ്കൂൾ) | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| 1. ഭാഷാപരമായ ശേഷി വികസനം | വായന | മലയാള ഭാഷയിലെ വിവിധ സാഹിത്യരൂപങ്ങൾ (കഥ, കവിത, നാടകം) ഒഴുക്കോടെയും തെറ്റില്ലാതെയും വായിച്ചു മനസ്സിലാക്കാനുള്ള ശേഷി നേടുന്നു. | ജൂൺ ജൂലൈ | ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി | ₹ 15000 |
| | ലേഖനം | മലയാള ഭാഷയിലെ വിവിധ വ്യവഹാര രൂപകങ്ങളിൽ ആശയവ്യക്തതയോടെ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | പേപ്പർ ചാർട്ട് പെൻ | |
| 2. സർഗ്ഗശേഷി വികസനം | ആസ്വാദനം | മലയാള ഭാഷയിലെ വിവിധ സാഹിത്യ രൂപങ്ങൾ (കഥ, കവിത, നാടകം..) വായിച്ച് ആസ്വദിക്കാനുള്ള ശേഷി നേടുന്നു. | ഒക്ടോബർ നവംബർ | സാഹിത്യ കൃതികൾ ലൈബ്രറി | ₹ 15000 |
| | സർഗ്ഗശേഷി | ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങളിൽ സൃഷ്ടികൾ നടത്താനുള്ള ശേഷി നേടുന്നു. | ഡിസംബർ ജനുവരി | ചാർട്ട് പേപ്പർ മാർക്കർ പെൻ | |
| 3. വായന സംസ്കാരം | ലൈബ്രറി | വ്യത്യസ്ത സാഹിത്യ കൃതികളും വിജ്ഞാന ഗ്രന്ഥങ്ങളും വായിച്ച് ആസ്വദിക്കുന്നതിന് ഗ്രാമീണ ഗ്രന്ഥശാലകളുടെ സഹായത്തോടെ വായനസംസ്കാരം വളർത്തിയെടുക്കുന്നു | ഫെബ്രുവരി മാർച്ച് | ഗ്രാമീണ ഗ്രന്ഥശാലകൾ സ്കൂൾ ലൈബ്രറി | ₹ 15000 |
| | | | | ആകെ | ₹ 45000 |

## ഭാഷാതരംഗിണി – മലയാളം ഹൈസ്കൂൾ

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. കുട്ടികളുടെ ക്ലാസ്സിന്റെ നിലവാരത്തിന് അനുസരിച്ച് ഉയർന്ന ഭാഷാശേഷികൾ കൈവരിക്കുന്നതിന് | സമാനാശയങ്ങൾ വരുന്ന സാഹിത്യ രൂപങ്ങൾ പരിചയപ്പെടുന്നു<br>പദാവലി ക്വിസ്സ്, ചോദ്യ നിർമ്മിതി<br>കുറിപ്പുകൾ തയ്യാറാക്കൽ, വിലയിരുത്തൽ (ഗ്രൂപ്പ്)<br>സംഘപഠനം (ശരാശരി നിലവാരക്കാർക്ക്)<br>സഹവർത്തിത്വ പഠനം (ഭിന്നശേഷിക്കാർക്ക്)<br>ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള ഭാഷാ പ്രവർത്തനങ്ങൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | കഥകൾ<br>കവിതകൾ<br>ലാപ്ടോപ്പ്<br>കമ്പ്യൂട്ടർ സിഡി<br>മൊബൈൽഫോൺ | വിദ്യാരംഗം കലാസാഹിത്യ വേദി<br>ആർ.എം.എസ്.എ<br>ഹൈടെക് ലാബ് |
| 2.വായന പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി ശാക്തീകരണം | സ്കൂൾ ലൈബ്രറി സന്ദർശനം<br>ക്ലാസ്സിൽ ബാഗ് ലൈബ്രറി<br>ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗം<br>പ്രഗത്ഭരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി കഥയരങ്ങ്, കവിയരങ്ങ്, ശില്പശാലകൾ | ആഗസ്റ്റ്<br>സെപ്റ്റംബർ | വിദ്യാരംഗം കലാസാഹിത്യ വേദി | സ്കൂൾ ലൈബ്രറി<br>ഗ്രാമീണഗ്രന്ഥശാലകൾ | എസ്.ആർ.ജി.<br>ആർ.എം.എസ്.എ |
| 3. പ്രാദേശിക കലകൾ | പ്രാദേശിക തലത്തിൽ നടക്കുന്ന സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം<br>വായനാക്കുറിപ്പുകൾ<br>സാഹിത്യ പ്രസ്ഥാനങ്ങളെ പരിചയപ്പെടൽ<br>പ്രശസ്ത സാഹിതകാരന്മാരുടെ പ്രഭാഷണങ്ങൾ (വീഡിയോ, ഓഡിയോ) | ആഗസ്റ്റ്<br>സെപ്റ്റംബർ | വിദ്യാരംഗം കലാസാഹിത്യ വേദി<br>മലയാളം അധ്യാപകർ | സിഡി ലാപ്, കമ്പ്യൂട്ടർ | പിടിഎ<br>എസ് ഐ ടി സി |
| 4. ദേശമാഹാത്മ്യം ഭാഷാമാഹാത്മ്യം പരാമർശിക്കുന്ന കൃതികൾ | പ്രാദേശിക കലാകാരന്മാരുമായി അഭിമുഖം<br>വള്ളത്തോൾ കൃതികൾ, സച്ചിദാനന്ദൻ കവിത പരിചയപ്പെടൽ | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | | പഴയ പാഠപുസ്തകങ്ങൾ | |
| 5. സർഗ്ഗാത്മക ശേഷി വികസനം വായന | ക്ലാസ്സ് ലൈബ്രറി സജ്ജീകരണം<br>വിതരണ രജിസ്റ്റർ, ഷെൽഫ്, വായനക്കുറിപ്പുകൾ പതിപ്പാക്കുന്നു | | മലയാളം അധ്യാപകർ | | പി ടി എ |
| 6. സർഗ്ഗാത്മകസൃഷ്ടി<br>7. പത്രവായന | രചനാ മത്സരങ്ങൾ, കാവ്യകേളി, നാടൻപാട്ട് മത്സരം<br>പ്രബന്ധാവതരണം, ആൽബം, പതിപ്പുകൾ<br>ന്യൂസ് റീഡിംഗ് മത്സരം, രാജ്യത്തെ പ്രധാന സംഭവങ്ങൾ അവലോകനം | ഡിസംബർ,ജനുവരി<br>ഫെബ്രുവരി, മാർച്ച് | മലയാളം അധ്യാപകർ | ചാർട്ട് പേപ്പർ<br>പത്രങ്ങൾ മാസികകൾ | പി ടി എ |
| 8. സ്കൂൾ വിക്കി | കുട്ടികളുടെ സർഗ്ഗാത്മക രചനകൾ അപ്ലോഡ് ചെയ്യുന്നു | ഫെബ്രുവരി, മാർച്ച് | മലയാളം അധ്യാപകർ | കമ്പ്യൂട്ടർ ഇന്റർനെറ്റ് | എസ് ഐ ടി സി |
| 9. പതിപ്പുകൾ മാഗസിനുകൾ ചുവർ പത്രം | കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി പതിപ്പ്, മാഗസിൻ, ചുവർപത്രം നിർമ്മാണം | ഫെബ്രുവരി, മാർച്ച് | മലയാളം അധ്യാപകർ | ചാർട്ട് പേപ്പർ<br>മാർക്കർ | വിദ്യാരംഗം കലാസാഹിത്യവേദി |

## ഇംഗ്ലീഷ് – ഹൈസ്കൂൾ)

**ലക്ഷ്യം**

1. ഇംഗ്ലീഷ് ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ കേട്ട് ഗ്രഹിക്കുന്നതിനുള്ള ശേഷി.
2. ഒഴുക്കോടെയും തെറ്റില്ലാതെയും ആശയങ്ങൾ വിവിധ രൂപങ്ങളിൽ പ്രകടിപ്പിക്കാനുള്ള ശേഷി.
3. വിവിധ സാഹിത്യ രൂപങ്ങൾ, വ്യവഹാരരൂപങ്ങൾ എന്നിവ വായിച്ച് ഗ്രഹിക്കുന്നതിനുള്ള ശേഷി.
4. വിവിധ വ്യവഹാര രൂപത്തിലൂടെ (കഥ, കവിത, ലേഖനം, നാടകം) അനായാസം സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി.
5. വ്യത്യസ്ത സാഹിത്യ രൂപങ്ങളിലുള്ള കൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും സാഹിത്യ സൃഷ്ടിയിൽ ഏർപ്പെടുന്നതിനുമുള്ള ശേഷി.

## ഇംഗ്ലീഷ് – ഹൈസ്കൂൾ

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഭാഷാ ശേഷി | ലിസണിംഗ് | ഇംഗ്ലീഷ് ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങൾ കേട്ട് മനസ്സിലാക്കുന്നതിന് | ജൂൺ ജൂലൈ | കമ്പ്യൂട്ടർ ലാബ് സിഡി | ₹ 25000 |
